**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **11.02.2020-ൽ മറുപടിക്ക്**

**നമ്പർ.1926**

<u>പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടിക</u>

**ചോദ്യം** **ഉത്തരം**

**ശ്രീ. ടി.എം.അഹമ്മദ് കബീർ** **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | പരീക്ഷാ തട്ടിപ്പിനെ തുടർന്ന് നിയമന നടപടി മരവിപ്പിച്ച പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടികയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് പി.എസ്.സി. നിയമന ശിപാർശ നൽകി വരുന്നു. |
| (ബി) | കുറ്റക്കാരെ ഒഴിവാക്കി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായവർക്ക് നിയമനം നൽകുന്നതിന് പരിഗണന നല്കുമോ; | (ബി) | ആരോപണ വിധേയരായ ഉദ്യോഗാർത്ഥികളുടെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിരമായി നീക്കം ചെയ്യാനും ടി ഉദ്യോഗാർത്ഥികളുടെ പ്രൊഫൈൽ നിർജീവമാക്കാനും തീരുമാനിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് പി.എസ്.സി നിയമന ശിപാർശ നൽകുന്നതാണ്. |
| (സി) | റാങ്ക് ലിസ്റ്റിന് ഇനി 9 മാസം മാത്രമേ കാലാവധിയുള്ളൂ എന്നിരിക്കെ നിയമന നടപടികൾ ത്വരിതപ്പെടുത്താമോ? | (സി) | ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ പുരോഗതി സംബന്ധിച്ച് വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകൾ നടത്തി വരുന്നു. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ